സ.ഉ.(കൈ) നം.3/2024/SWD

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർ/അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ താല്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സൈനിക ക്ഷേമ (എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2024/SWD തീയതി,തിരുവനന്തപുരം, 31-01-2024

പരാമർശം:-
1. 12.06.2019 ലെ സ.ഉ(കൈ)നം. 11/2019/സൈ.ക്ഷേ.വ. ഉത്തരവ്
2. 24.05.2022 ലെ സ.ഉ(എം.എസ്) 17/2022/സൈ.ക്ഷേ.വ ഉത്തരവ്
3. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 20.12.2023 തീയതിയിലെ ഡി എസ് ഡബ്ല്യൂ/292/2022-എ-1 നമ്പർ കത്ത്.

**ഉത്തരവ്**

സൈനിക ക്ഷേമ വകുപ്പിൽ ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്കാലിക സ്ഥാനക്കയറ്റം നൽകുന്നതിന് അനുമതി നൽകി പരാമർശം (1),(2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇപ്രകാരം ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിലേയ്ക്ക് താല്കാലിക സ്ഥാനക്കയറ്റം നൽകിയതുമൂലം ആയതിന്റെ ഫീഡർ തസ്തികയായ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ഓഫീസർ തസ്തികയിൽ ഉണ്ടായ രണ്ട് ഒഴിവുകൾ താല്കാലിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശം 3 പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു

സർക്കാർ ഈ വിഷയം പരിശോധിച്ചു. ജില്ലാ സൈനിക ക്ഷേമ ആഫീസർ തസ്തികയിലേയ്ക്ക് താല്കാലിക സ്ഥാനക്കയറ്റം നൽകിയത് മൂലം പ്രസ്തുത തസ്തികയുടെ ഫീഡർ തസ്തികയായ അസിസ്റ്റന്റ് ജില്ലാ സൈനിക ക്ഷേമ ആഫീസർ / അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ രൂപപ്പെട്ടിട്ടുള്ള രണ്ട് ഒഴിവുകൾ KS & SSR Part II Rule 31(a) (i) പ്രകാരം താല്കാലിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സീനിയോരിറ്റിയിൽ ആദ്യ രണ്ട് സ്ഥാനങ്ങളിലുള്ള ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സായിട്ടുണ്ട് എന്ന് ഉറപ്പുവരുത്തി ,സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഈ വിഷയത്തിൽ



Generated from eOffice by Sunil Kumar S, A1 DSWTVM, A1 DSWTVM, DSW on 31/01/2024 04:01 PM

സ.ഉ.(കൈ) നം.3/2024/SWD

തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ്:-

1. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ, (എ & ഇ), കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Jenshar
Date: 31-01-2024 14:10:28
സെക്ഷൻ ഓഫീസർ



Generated from eOffice by Sunil Kumar S, A1 DSWTVM, A1 DSWTVM, DSW on 31/01/2024 04:01 PM